# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.702** 29.05.2019-**ൽ മറുപടിക്ക്**

നെയ്യാറ്റിൻകര ഊരൂട്ടുപോക്കിരിയിൽ 33 കെ.വി സബ് സ്റ്റേഷൻ

| | ചോദ്യം<br>ശ്രീ കെ. ആൻസലൻ | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ കുളത്തൂർ പഞ്ചായത്തിലെ ഊരൂട്ടുപോക്കിരിയിൽ 33 കെ.വി സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പഠന റിപ്പോർട്ട് പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ കുളത്തൂർ പഞ്ചായത്തിലെ ഊരൂട്ടുപോക്കിരിയിൽ 33 കെ.വി സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി സാദ്ധ്യതാപഠനം നടത്തിയിട്ടുണ്ട്. |
| (ബി) | 33 കെ.വി സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനെക്കുറിച്ച് പഠനം നടത്തുന്നതിന് ആരെയാണ് കെ. എസ്. ഇ. ബി ചുമതലപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ; ഇതിന്റെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ? | (ബി) | സാദ്ധ്യതാപഠനം ട്രാൻസ്മിഷൻ സർക്കിൾ തിരുവനന്തപുരം ഓഫീസിൽ നിന്നുമാണ് നടത്തിയത്. ട്രാൻസ്ഗ്രിഡ് ഡൗൺ സ്ട്രീം പ്രവൃത്തികളിൽ പൂവാർ 33 കെ.വി സബ് സ്റ്റേഷൻ 110 കെ.വിയിലേക്ക് ഉയർത്തുന്ന പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിപ്രകാരം വിഴിഞ്ഞം 220 കെ.വി സബ് സ്റ്റേഷനിൽ നിന്നും 110 കെ.വി ലൈൻ വലിക്കുന്നതും പാറശ്ശാല 110 കെ.വി സബ് സ്റ്റേഷനിൽ നിന്നും 33 കെ.വി ലൈനിന്റെ ശേഷി 110 ലേക്ക് ഉയർത്തുന്നതുമായ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതികൾ നടപ്പിലാക്കിയാൽ ഊരൂട്ടുപോക്കിരിയിൽ 33 കെ.വി സബ് സ്റ്റേഷന്റെ ആവശ്യകത വരികയില്ലെന്ന് സാദ്ധ്യതാപഠനം കണ്ടെത്തിയിട്ടുള്ളതാണ്. ആയതിനാൽ ഊരൂട്ടുപോക്കിരിയിൽ 33 കെ.വി സബ് സ്റ്റേഷൻ നിലവിലുള്ള പ്ലാനുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ